Hod (close)

3527
06/08

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിൽ പുതുതായി മൂന്ന് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും അതിലേക്ക് ആവശ്യമായ ഹോമിയോ ഡോക്ടർ, ഫാർമസിസ്റ്റ് (ഹോമിയോപ്പതി), അറ്റൻഡർ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇയു)വകുപ്പ്**

സ.ഉ.(എം.എസ്)നം. 218/2008/തസ്വഭവ. തീയതി, തിരുവനന്തപുരം, 4-8-2008

=====================================================================

വായിച്ചത്:- 1) കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 21-3-06-ലെ എം.ഒ.എച്ച്.6/12202/06 നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 26-2-07-ലെ എച്ച്.4344/06 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ 36-കുന്നുപുറം ഡിവിഷൻ, 29-ഐലന്റ് സൗത്ത് ഡിവിഷൻ, 14-ാം ഡിവിഷനിൽ തഴുപ്പ് എന്നീ സ്ഥലങ്ങളിൽ 3 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് കൊച്ചി നഗരസഭ കൗൺസിൽ തീരുമാനിക്കുകയും, ഇക്കാര്യത്തിൽ നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയോടെ മേൽ ഒന്നും രണ്ടും ആയി വായിച്ച കത്തുകൾ പ്രകാരം സർക്കാർ അനുമതി തേടുകയും ചെയ്തു. കൊച്ചി നഗരസഭയുടെ കീഴിൽ നിലവിൽ 28 ഹോമിയോ ഡിസ്പെൻസറികൾ സർക്കാർ അനുമതിയോടെ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു ഹോമിയോ ഡിസ്പെൻസറിയിൽ 5000 രൂപ ഹോണറേറിയം കൈപ്പറ്റുന്ന ഡോക്ടറും 3500 രൂപ വേതനത്തിൽ ഫാർമസിസ്റ്റും 3000 രൂപ വേതനത്തിൽ അറ്റന്ററും ജോലി ചെയ്യുന്നു. കൂടാതെ ഒരു മാസത്തേക്ക് മരുന്നുവിലയിനത്തിൽ 2500 രൂപ കോർപ്പറേഷൻ നൽകുന്നുണ്ട്.

2) കൊച്ചി കോർപ്പറേഷനിൽ ഹോമിയോ ഡിസ്പേൻസറികൾ പുതുതായി ആരംഭിക്കുന്നതിന്റെ അനിവാര്യത കണക്കിലെടുത്ത് കൊച്ചി നഗരസഭാ പരിധിയിൽ 36-കുന്നുപുറം ഡിവിഷൻ, 29-ഐലന്റ് സൗത്ത് ഡിവിഷൻ, 14-ാം ഡിവിഷനിൽ തഴുപ്പ് എന്നീ സ്ഥലങ്ങളിൽ 3 ഹോമിയോ ഡിസ്പെൻസറികൾ പുതുതായി ആരംഭിക്കുന്നതിനുള്ള അനുമതിയും അതിനാവശ്യമായ 3 ഹോമിയോ ഡോക്ടർ, 3 ഫാർമസിസ്റ്റ് (ഹോമിയോപ്പതി), 3 അറ്റന്റർ എന്നിങ്ങനെ 9 പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിനും ഈ തസ്തികകളിൽ പിഎസ്.സി.മുഖേന നിയമനം നടക്കുന്നതുവരെ താൽക്കാലിക നിയമനം നടത്തുവാനും അപ്രകാരം നിയമിക്കപ്പെടുന്നവർക്ക് നിലവിൽ ടി തസ്തികകളിലുള്ളവർക്ക് നൽകുന്ന തുക ഹോണറേറിയം വ്യവസ്ഥയിൽ നൽകുവാനും അനുമതി നൽകി ഉത്തരവാകുന്നു.

3) ഇതിലേക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കൊച്ചി നഗരസഭ വഹിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ടി.കെ.ജോസ്,
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ, കൊച്ചി.
ധനകാര്യ വകുപ്പ്.(യു.ഒ.നം.34745/ഡെവ.1/08/ധന. തീയതി, 17-6-08)
പൊതുഭരണ (എസ്.സി)വകുപ്പ് (ഐറ്റം നം.2516 തീയതി, 30-7-08)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ.